പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.405 27/09/2016-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വൈദ്യുതി മീറ്റർ വാങ്ങി നൽകണമെന്ന നിർദ്ദേശം

| | ചോദ്യം<br><br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾ നേരിട്ട് വൈദ്യുതി മീറ്റർ വാങ്ങി നൽകണമെന്ന നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 റെഗുലേഷൻ 105 പ്രകാരം പുതിയ കണക്ഷൻ എടുക്കുന്ന സമയത്ത് അപേക്ഷകൻ നേരിട്ട് വെൻഡർമാരിൽ (vendors) നിന്ന് മീറ്ററുകൾ വാങ്ങി മീറ്റർ വാടക ഒഴിവാക്കുന്നതിനോ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മീറ്റർ നല്കണമെന്ന് ആവശ്യപ്പെടുകയോ ചെയ്യുന്നതിന് അവസരം ഉണ്ട്. |
| (ബി) | എങ്കിൽ ഇത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മീറ്ററുകളുടെ ലഭ്യതക്കുറവ് മൂലം അപേക്ഷകർ മീറ്റർ വാങ്ങി നല്കേണ്ട സാചര്യം മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | ഈ തീരുമാനം കാരണം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഉപഭോക്താക്കൾ വിമുഖത കാണിക്കുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേടായ മീറ്ററുകൾ DDUGJY & IPDS സ്കീമിൽ ഉൾപ്പെടുത്തി മാറ്റുന്നതിനുള്ള നടപടികൾ വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഈ തീരുമാനം പുന:പരിശോധിക്കുന്നതിനും ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ആവശ്യാനുസരണം മീറ്ററുകൾ ലഭ്യമാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ